

# ബൈബിൾ ട്രൂത്ത്

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം.

**Vol. 9** **December 1995** **No. 9**


ലോകത്തിൽ എവിടെ നോക്കിയാലും മനുഷ്യർക്കിടയിൽ കണ്ടുവരുന്ന സ്വഭാവ ദൂഷ്യങ്ങൾ പരിശോധിച്ചാൽ, ജനപ്പെരുപ്പം വർദ്ധിക്കുന്നതിനേക്കാൾ ദ്രുതഗതിയിൽ വളരുന്ന പ്രതിഭാസമാണ് സ്വഭാവഹത്യ എന്നു കാണാം. തിരിച്ചറിവില്ലാത്തതു കൊണ്ടാണ് നിഷേധാത്മകമായ പെരുമാററവും സംസാരവും ഉണ്ടാകുന്നത്. ദൈവീക ആലോചനയേക്കാൾ വികാരങ്ങൾക്ക് അടിമപ്പെടുന്ന സമൂഹ മനുഷ്യൻ അവസാനം എവിടെ എത്തും എന്നു ചിന്തിക്കുക. മനസിനേയും ഹൃദയത്തെയും നിയന്ത്രിക്കുവാനുള്ള കഴിവ് ലൗകിക മനുഷ്യനു നഷ്ടപ്പെടുന്നു. ബാഹ്യ മനുഷ്യൻ ആന്തരിക മനുഷ്യനെ കീഴ്പ്പെടുത്തുന്ന അവസ്ഥക്കു മാററം ഉണ്ടാകണം. സ്വയ പ്രയത്നത്താൽ അതു അസാദ്ധ്യമാണ്. അതുകൊണ്ട് ദൈവത്തിന്റെ വചനം എന്ന ദിവ്യമായ ആലോചന കേട്ട് ജീവിതത്തെ ക്രമപ്പെടുത്തുക. സത്യവും നീതിയും ജീവിതത്തിൽ സ്ഥായിയായി അനുകരിക്കുക. അപ്പോൾ നമ്മുടെ ചതി മോഹങ്ങൾ സൃഷ്ടി ചെയ്യുന്ന സ്വഭാവ ദൂഷ്യം ഇല്ലാതാകും. എല്ലാവർക്കും നവ വത്സരാശംസകൾ.

# ദൈവത്തിൻെറ അനുഗ്രഹങ്ങൾ

## J. C. ചോട്ട്

എഫെസ്യയിലെ ക്രിസ്ത്യാനികൾക്കു അപ്പൊസ്തലനായിരുന്ന പൌലൊസ് താഴെ കാണുന്ന വാക്കുകൾ എഴുതി അറിയിക്കുന്നു. "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3). അവൻ പറയുന്നത്: എല്ലാ അനുഗ്രഹങ്ങളും ദൈവത്തിൽ നിന്നാണ് ലഭിക്കുന്നത്, അവ, ക്രിസ്തുവിലാണുള്ളത്. നാം ക്രിസ്തുവിലായി തീരുമ്പോൾ ആണ് അവ കിട്ടുന്നത്. ഈ അനുഗ്രഹങ്ങൾ, ദൈവേഷ്ടപ്രകാരം ദൈവ മക്കളായി മാറുന്ന ക്രിസ്ത്യാനികൾക്കുള്ളതാണ് ഇവയെന്ന് സൂചിപ്പിക്കുന്നു. പക്ഷെ, ക്രിസ്തുവിൽ ആയി തീരാത്തവർക്കോ എന്നു ചോദിച്ചേക്കാം. അവർ ലോകത്തിലുള്ളവരെ പ്രതിനിധാനം ചെയ്യുന്നവരാണ്; ദൈവം ഇല്ലാത്തവരും രക്ഷ കിട്ടാത്തവരുമാണ്. അതുകൊണ്ട് നഷ്ടപ്പെട്ടവർ എന്നു പറയാം. അവർക്കു നിത്യ ജീവൻെറ പ്രത്യാശയോ ആത്മീയ അനുഗ്രഹങ്ങൾക്കുള്ള യോഗ്യതയോ ഇല്ല.

എല്ലാവരും ഈ ലോകത്തിലെ ഭൗതികമായ, ലൗകികമായ അനുഗ്രഹങ്ങൾ ആസ്വദിച്ചേക്കാം. നമ്മുടെ ജീവിതയാത്രയിൽ അനേകം നല്ല കാര്യങ്ങൾ ആകുന്ന ജീവൻ, ആരോഗ്യം, കുടുംബം, ജോലി തുടങ്ങിയവ ഉൾപ്പെട്ടിരിക്കുന്നു. ഇവയും ദൈവത്തിൽ നിന്നാണ് കിട്ടുന്നത്. പലപ്പോഴും പെയ്ത മഴ കുടിച്ചിട്ടു ഭൂമി കൃഷി ചെയ്യുന്നവർക്കു ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിൻെറ അനുഗ്രഹം പ്രാപിക്കുന്നു (എബ്രായർ 6:7).

ഈ ഭൗതികവും ലൗകികവുമായ അനുഗ്രഹങ്ങൾ നമുക്കു പ്രാധാന്യമുള്ളതായി അനുഭവപ്പെടും. എന്നാൽ ആത്മീയ അനുഗ്രഹങ്ങളുമായി നാം താരതമ്യം ചെയ്യുമ്പോൾ ഭൗതികമായവയെല്ലാം വാടി പൂർവ്വ പശ്ചാത്തലത്തിലേക്കു മടങ്ങിപ്പോകുന്നു എന്നു കാണാം. ഇവിടെയും വീണ്ടും നാം ബുദ്ധിയുള്ളവരാണെങ്കിൽ അവയെല്ലാം ദൈവത്തിൽ നിന്നാണ് ലഭിക്കുന്നതെന്നു സമ്മതിക്കണം. "എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു" (യാക്കോബ് 1:17). ഖേദകരമെന്നുതന്നെ പറയട്ടെ, ഈ ഭൗതികവും ആത്മീകവുമായ നന്മകളെല്ലാം ഒന്നുകിൽ നാം മറന്നുകളയുന്നു; അല്ലെങ്കിൽ അവയെ അവഗണിച്ച് തള്ളിക്കളയുന്നു. ലഭിച്ചതല്ലാതെ നമ്മിൽ ഒന്നുമില്ല എന്ന പരമാർത്ഥം നമ്മിൽ നിന്നു അകന്നുപോകുന്നു. അതായത് നമ്മുടെ കഴിവുകൊണ്ട്, യോഗ്യത കൊണ്ട് നേടിയെടുത്തതാണ് എന്ന തോന്നലിലേക്കു നീങ്ങുന്നു. ഇതു തികച്ചും പരിതാപകരമായ ദുരന്തത്തിലേക്കു നമ്മെ നയിക്കും.

ദൈവത്തിന്റെ ഏതാനും അനുഗ്രഹങ്ങളെ നമുക്ക് ഒന്ന് ചിന്തിച്ചു നോക്കാം. ദൈവം നമ്മെ സൃഷ്ടിച്ചു ഈ ഭൂമിയിലാക്കി എന്നതു തിരിച്ചറിയുമ്പോൾ അതിനേക്കാൾ മുഖ്യമായവയാണ് താൻ തന്റെ മക്കൾക്കു നല്കുന്ന അനുഗ്രഹങ്ങൾ എന്നു മനസ്സിലാക്കാം. തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും നമ്മെ മെനഞ്ഞുണ്ടാക്കി അവന്റെ ആത്മാവിനെയും തന്നു (ഉല്പത്തി 1:26; മത്തായി 16:26). ഇതൊക്കെ ശരിയാണെങ്കിലും മനുഷ്യർ പാപം ചെയ്തു ആത്മാവു നഷ്ടപ്പെടുത്തി, നിത്യജീവന്റെ പ്രത്യാശയില്ലാതെ വിഷമിച്ചപ്പോൾ തന്റെ പുത്രനെ ഈ ലോകത്തിൽ അയച്ചു. അവൻ നമ്മുടെ ശിക്ഷ ഏറ്റെടുത്തു ക്രൂശിൽ മരിച്ചു (റോമർ 5:8). അവൻ, പിതാവിനെയും പിതാവിന്റെ ഇഷ്ടത്തെയും നമുക്കു വെളിപ്പെടുത്തി തന്നു. നാം അതു അറിഞ്ഞു

ഗ്രഹിച്ച് അവനിൽ വിശ്വസിച്ച് അവന്റെ ആജ്ഞകളെ അനുസരിച്ച് രക്ഷ പ്രാപിക്കുവാനും അവന്റെ സഭയിലേക്കു ചേർക്കപ്പെടുവാനുമായിരുന്നു അത് (എബ്രായർ 1:1-2; യോഹന്നാൻ 8:32; റോമർ 10:17; പ്രവൃത്തി 8:30-32; എബ്രായർ 11:6; മർക്കൊസ് 16:16; പ്രവൃത്തി 2:38-47).

വിപുലമായി അതിനെ വിലയിരുത്തിയാൽ, യേശു ക്രൂശിൽ മരിച്ചത് നമ്മുടെ പാപങ്ങൾ നിമിത്തമായിരുന്നു. ദൈവത്തിനു നമ്മോടുള്ള കരുണാധിക്യം കൊണ്ട് നമ്മുടെ നാശം ഒഴിവാക്കുവാൻ ചെയ്ത ത്യാഗമാണിത്. അവനെ മരണശേഷം അടക്കം ചെയ്തിരുന്നു. എന്നാൽ മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേററു. ഇതു എല്ലാവർക്കും ഗുണകരമായി തീർന്നു. അതുകൊണ്ടാണ് അതു സുവിശേഷമായി മാറിയത് (1കൊരിന്ത്യർ 15:1-3). നമ്മുടെ രക്ഷക്കുവേണ്ടിയാണ് യേശു മരണം വരിച്ചത് (റോമർ 10:15). മരിച്ചുയർത്തെഴുന്നേററ ക്രിസ്തുവിന്റെ അധികാര ലബ്ധി, പുതിയ നിയമ പ്രാബല്യത്തിലേക്കു നയിക്കുന്നു. അതുകൊണ്ടാണ് അവൻ തന്റെ ശിഷ്യന്മാർക്കു കല്പന കൊടുക്കുന്നത്. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16: 15-16). പൌലൊസ് മറെറാരിക്കൽ ഈ സുവിശേഷത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്: സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല, അതു വിശ്വസിക്കുന്ന ഏവനും രക്ഷക്കുള്ള ദൈവ ശക്തിയാകുന്നു (റോമർ 1:16). ദൈവത്തിന്റെ രക്ഷ എത്രമാത്രം വിലയുള്ളതാണെന്നു ഓർമ്മിക്കുക. അതിനെ നിസ്സാരമാക്കി തള്ളിക്കളയാവുന്നതല്ല.

പാപത്തിൽ നിന്നു മോചിക്കപ്പെടുക എന്ന അനുഗ്രഹം മാത്രമല്ല നമുക്ക് കിട്ടുന്നത്, ക്രിസ്തു തന്നെ നമ്മെ രക്ഷിക്കയും അവന്റെ സഭയോടു ചേർക്കയും

ചെയ്യുന്നു (പ്രവൃത്തി 2:47). ഈ ഒരേ ഒരു സഭ മാത്രമെ ബൈബിളിൽ നാം വായിക്കുന്നുള്ളു. അതിന്റെ നിർമ്മാതാവും കർത്താവു തന്നെയാണ് (മത്തായി 16:18). സഭയുടെ അടിസ്ഥാനവും തലയും രക്ഷകനും എല്ലാം ക്രിസ്തുവാണ് (1കൊരിന്ത്യർ 3:11; കൊലൊസ്യർ 1:18; എഫെസ്യർ 5:23). കർത്താവിനു ഏകശരീരമെയുള്ളു. സഭ എന്നതു ആത്മീയ ശരീരമാണ്. അതുകൊണ്ട് ഏക സഭയാണ് ദൈവിക സഭ. യേശുക്രിസ്തു വീണ്ടും വരുമെന്നതു സത്യമാണ്. അവൻ വീണ്ടും വരുമ്പോൾ തന്റെ സഭയെ ചേർത്തുകൊള്ളുവാനാണ് വരുന്നത് (എഫെസ്യർ 5:27). മനുഷ്യ നിർമ്മിത സഭകൾ ഇന്നു നിരവധി ലോകത്തിൽ ഉണ്ട്. അവയിലുള്ള അംഗത്വം അനുഗ്രഹമായി കാണുന്നവരുണ്ട്. പക്ഷെ ദൈവത്താലുള്ള അനുഗ്രഹം കിട്ടണമെന്നുണ്ടെങ്കിൽ കർത്താവിന്റെ പേരു വഹിക്കയും അവനു മഹത്വം കൊടുക്കയും ചെയ്യുന്ന യേശുക്രിസ്തുവിന്റെ സഭയിൽ ചേർക്കപ്പെടണം (റോമർ 16:16). അതു നാം അറിയുമ്പോൾ, അതിനേക്കാൾ തരം താഴ്ന്ന ഏതെങ്കിലും ഒന്നിൽ യോജിക്കുവാൻ നമുക്ക് എങ്ങനെ കഴിയും ?

ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്താവിനെ ആരാധിക്കുവാനുള്ള അവസരവും ലഭിച്ചതിൽ നാം അനുഗ്രഹീതരാണ് (പ്രവൃത്തി 20:7). ദൈവജനവുമായി ഒത്തുചേർന്ന് തിരുവെഴുത്തുകൾ വായിക്കയും പ്രസംഗം കേൾക്കുകയും, പിതാവായ ദൈവത്തെ പാടി സ്തുതിക്കയും ദൈവത്തോടു പ്രാർത്ഥിക്കയും, അപ്പം നുറുക്കയും കൂട്ടായ്മ ആചരിക്കയും, ധർമ്മശേഖരം നടത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ ചട്ടപ്രകാരമാണ് നാം ഇതെല്ലാം ചെയ്യേണ്ടത്. ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിനാണ് നാം ആരാധിക്കുന്നത്. ക്രിസ്തു നമ്മോടു നിർദ്ദേശിക്കുന്നത്: അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം എന്നത്രെ (യോഹന്നാൻ 4:24).

ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള ഭാഗ്യം ദൈവം നമുക്ക് ഒരുക്കിയിരിക്കുന്നു. ദൈവത്തേയും സഹവിശ്വാസികളേയും മററുള്ളവരേയും സ്നേഹിക്കുവാനും (മത്തായി 22:37-39) ക്രിസ്തുവിന്റെ കാൽ പാടുകളെ പിൻപററുവാനും (1 പത്രോസ് 2:21) ദൈവഭക്തിയോടെ ജീവിപ്പാനും ഉള്ള അനുഗ്രഹം നമുക്ക് കിട്ടിയിട്ടുണ്ട്. തന്നെയുമല്ല, നല്ല മാതൃകയുള്ള ജീവിതം സമൂഹത്തിനു നാം കാണിച്ചുകൊടുക്കയും വേണം. മററുള്ളവർക്കു പ്രയോജനം സിദ്ധിക്കുന്ന ഒരു നടപ്പ് നമുക്കും മററുള്ളവർക്കും അനുഗ്രഹമായി തീരുന്നു (തീത്തോസ് 2:11,12, മത്തായി 5:16).

ലോകം മുഴുവനും, സകല ജാതികളോടും സുവിശേഷം എത്തിക്കുവാനുള്ള അനുഗ്രഹം ആണ് കർത്താവ് നമുക്ക് തന്നിരിക്കുന്നത് (മത്തായി 28:19-20; മർക്കോസ് 16:15-16) അതായത് നാം സ്വീകരിച്ച രക്ഷക്കുള്ള വചനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആളുകളിലേക്ക് എത്തിക്കേണ്ടതു നാമാണ്. അങ്ങനെ നാം ചെയ്യുമ്പോൾ, ആളുകൾക്കു വ്യത്യാസം ഉണ്ടാകുന്നു; ലോകത്തിനു തന്നെയും ചലനം ഉണ്ടാകുന്നു. അത്തരത്തിലുള്ള വലിയ ഉത്തരവാദിത്വം നമ്മളിൽ തരുവാനുള്ള കാരണം നാമും ദൈവവുമായിട്ടുള്ള ബന്ധമാണ്. എത്ര വലിയ അനുഗ്രഹമാണ് ദൈവത്തോട് അടുക്കുന്നവർക്ക് നല്കുന്നത് എന്ന് തിരിച്ചറിയുക. ഒരാൾ തന്റെ ആത്മാവിന്റെ യഥാർത്ഥ വില മനസ്സിലാക്കിയാൽ, രക്ഷയുടെ പ്രാധാന്യം ഗ്രഹിച്ചാൽ, ഇതിനെ നിരസിക്കയോ പരാതിപ്പെടുകയോ ചെയ്യുകയില്ല.

അവസാനമായി നിത്യജീവിതത്തിന്റെ പ്രത്യാശയെക്കുറിച്ച് ചിന്തിക്കുക. നാം വിചാരിക്കുന്നതിനേക്കാൾ അധികം ഇതിനെ അനുമോദിക്കാൻ കഴിയും. അതിന്റെ വ്യാപ്തി അറിയുമ്പോൾ നമുക്കു ചുററുപാടും വസിക്കു

ന്ന ആളുകൾ പലരും മരണത്താൽ മറയപ്പെടുന്നു. ഈ ലോക ജീവിതം വളരെ ചുരുങ്ങിയതാണ് എന്ന വസ്തുത എല്ലാവരും സമ്മതിക്കും. ഈ ലോകത്തുള്ള വസ്തുക്കൾക്കൊന്നും നമ്മെ തൃപ്തിപ്പെടുത്താനും കഴിയുകയില്ല. നാം ദൈവത്തെ അനുസരിച്ച് വിശ്വസ്ത ജീവിതം നയിച്ചാൽ മാത്രമെ നമുക്ക് ഈ അവസ്ഥ ശരിയാക്കിയെടുക്കാൻ കഴിയൂ. ലോകത്തുള്ളവയെ ശരിയായി ആസ്വദിക്കാതെ ജീവിതം ദൈവത്തോട് ബന്ധപ്പെടുത്തി ദീർഘിപ്പിക്കാനും നമുക്കു കഴിയും. ഇവിടെയും വരുവാനുള്ള ലോകത്തിലും നിത്യജീവന്റെ അവകാശികളായി തീർക്കുന്ന അനുഗ്രഹം പലരും മറന്നു കളയുന്നതു എത്ര ഖേദകരം എന്നോർക്കുക. മരണപര്യന്തം വിശ്വസ്തനായിരിക്ക എന്നാൽ ജീവ കിരീടം പ്രാപിക്കും എന്നാണ് കർത്താവ് അരുളിച്ചെയ്തിരിക്കുന്നത് (വെളിപ്പാട് 2:10). ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടെ നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ(വെളിപ്പാട് 22:14).

ലോകത്തിലുള്ള സകല മനുഷ്യരേക്കാളും ഒരു ക്രിസ്ത്യാനി ഭാഗ്യവാൻതന്നെ. അതിനോട് താരതമ്യം ചെയ്യാവുന്ന ഒന്നുമില്ല. ഈ ലോകത്തിൽ നിങ്ങൾക്കു നഷ്ടപ്പെട്ടേക്കാവുന്ന വസ്തുതകൾക്ക് പിന്നീട് ദുഃഖിച്ചിട്ടു കാര്യമില്ല. കാരണം അവ ഹൃദയാഘാതവും മരണവും ഉണ്ടാക്കും. സ്വർഗ്ഗീയ പിതാവിനുള്ള ഭൗതികവും ആത്മികവുമായ എല്ലാ അവകാശങ്ങളും അവന്റെ രാജ്യത്തിലെ പ്രജകളായി ജീവിക്കുന്നവർക്കുമാണ്. ദൈവമക്കളായി തീരുന്നവർ രാജകീയ പദവിയിലേക്കു ഉയർത്തപ്പെടുന്നു.

★

കവിത

# കാട്ടുമരം

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

കാട്ടുമരങ്ങളെ നീങ്ങളെയെങ്ങനെ
നാട്ടുമരങ്ങളോട് ഒട്ടിച്ചുവെയ്ക്കുമേ.
തെന്നലിലാടുന്ന കമ്പുംകിളയുമായ്
കൊമ്പുകൾ മേല്പ്പോട്ടുയർത്തിപ്പിടിക്കുന്നു.

ഒട്ടും വിശേഷമില്ലീമരമെന്നുമേ
കാട്ടിലും മേട്ടിലും കാലം കഴിക്കുന്നു.
കണ്ടാലഴകും വടിവതും തോന്നുമേ,
തള്ളാനും കൊള്ളാനും പറ്റില്ല കൂട്ടരെ.

പാഴ്മരുഭൂമിയിൽ പാഠം പഠിക്കുവാൻ
ചന്തത്തിൽ നില്ക്കുന്ന കാട്ടുമരങ്ങളെ
നീങ്ങളെയെങ്ങനെ നാട്ടുമരങ്ങളോ
ടൊട്ടിച്ചുവെയ്ക്കുവാൻ ഒക്കുമേ മനസ്സേ.

ഇസ്രയേലെന്നൊരു നാടുണ്ടു കേട്ടുകൊൾക
പാലുംഫലംതരും തേനുമൊഴുകുന്നു
പണ്ടൊരു മുന്തിരികൊണ്ടുവന്നവരെ
നട്ടുനനച്ചുകിളിർത്തു തുടങ്ങിയും

നാട്ടുമരമെന്നു പേരതിനിട്ടതും
ഒട്ടിച്ചു ചേർത്തൊരു കാട്ടുമരങ്ങളെ
കാര്യമറിയുവാൻ വേദം തുറക്കുക,
സത്യം പറയുന്ന കൊച്ചൊരു പുസ്തകം
പേരെന്നുരക്കുകിൽ ബൈബിളെന്നാകുമേ.

# രക്ഷാ ദിവസം

**തോമസ് മാത്യു**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

രക്ഷാനാളിനെ കുറിച്ചുള്ള പ്രവാചകന്മാരുടെ ചില എഴുത്തുകൾ ഇവിടെ നമുക്കു ചിന്തിക്കാം..... "ഈ കാലം കഴിഞ്ഞിട്ട് ഞാൻ പുതിയൊരു നിയമം ചെയ്യുന്ന കാലം വരും." "ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും." യിരെമ്യാ 31: 31-34; എബ്രാ: 8: 8-13. മനുഷ്യനോടുള്ള ദൈവത്തിന്റെ ഇടപെടലിൽ മുൻകാലങ്ങളിൽ ചെയ്തിട്ടില്ലാത്ത ഒരു നിയമമായി പൂർത്തീകരിക്കപ്പെട്ട ഒന്നാകയാൽ അത്രേ ഇതിനെ (പുതിയ നിയമം) എന്നു നാമകരണം ചെയ്തിരിക്കുന്നതു. തൻ നിമിത്തം ഈ നാളിനെ പുതിയനിയമ കാലമെന്നു പറഞ്ഞു വരുന്നു.

"ഈ ദൃശം പുതിയനിയമത്തിൽ, പുതിയനിയമ കാലത്ത് ക്രിസ്തുവിൽ പുതിയ സൃഷ്ടികളായി തീർന്നവരുടെ സ്ഥമൂഹം തന്നെ പുതിയ നിയമ സഭ" (എബ്രാ: 8: 6, 12, 24). യേശുക്രിസ്തു പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു (എബ്രാ: 12:24). പുതിയനിയമം തൽസമയത്ത് ജനങ്ങളിൽ ഏതുവിധം സ്ഥാപിക്കും എന്നും തിരുവെഴുത്തു സ്പഷ്ടമാക്കിയിരിക്കുന്നു.

"ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും" (യിരെമ്യാ: 31:33; എബ്രാ: 8:10). അതു സംബന്ധിച്ച് വിശുദ്ധ പൗലൊസ് പറഞ്ഞിരിക്കുന്നതാണിത്:- ആയത് "മഷികൊണ്ട് കൽപ്പലകയിലല്ലാ ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ ഹൃദയം എന്ന മാംസപ്പലകയിലത്രേ എഴുതിയിരി

ക്കുന്നത്'' (2കൊരി: 3:3). അതെ ഈ പുതിയ നിയമ കാലയളവിൽ, വിശ്വാസികളുടെ അന്തർഭാഗത്ത് പരി ശുദ്ധാത്മാവിനാൽ ഒരു നിയമം സ്ഥാപിക്കുന്നു എന്നും ഇതിനാൽ പൗലോസ് സ്പഷ്ടമാക്കുന്നു.

പുതിയ നിയമത്തെ ''പുതിയ ഉഭയ സമ്മതം'' അഥവാ ''ഉടമ്പടി'' എന്നു പറഞ്ഞിരിക്കുന്നു. രണ്ടുപേർ തമ്മിൽ ഉള്ള ഉടമ്പടി അഥവാ നിയമത്തിന് ഉഭയ സമ്മതം എന്നു പറയുന്നുവല്ലോ. ഉഭയസമ്മത സ്ഥിരീകരണം വ്യവസ്ഥകളെ അടിസ്ഥാനമാക്കി ആയിരിക്കുന്നതാണ്. ദൈവവും മനുഷ്യനുമായുള്ള ഉഭയ സമ്മതങ്ങൾ വ്യവസ്ഥകളിലും കൃപയിലും ഉറപ്പിച്ചിട്ടുണ്ട്. ദൈവത്തോടുള്ള ഉടമ്പടികൾ മനുഷ്യൻ പാലിച്ചാൽ അതിന് അനുസരണമായുള്ള അനുഗ്രഹങ്ങളും ''ദൈവം'' നൽകുന്നതാണ്.

ആദ്യമനുഷ്യനായിരുന്ന ആദാമിനെ സൃഷ്ടിച്ച് ഏദെനിൽ ആക്കിവച്ച ദൈവം ആ ഏദെൻ മുതൽ തുടർമാനമായ് ഉഭയ സമ്മതങ്ങൾ അഥവാ ഉടമ്പടി ചെയ്തിട്ടുള്ളതായി തിരുവെഴുത്തു വെളിപ്പെടുത്തിയിരിക്കുന്നു.

1 ഏദേന്യ ഉടമ്പടി - ആദാമിൻെറ വീഴ്ചക്കു മുമ്പുള്ള നിഷ്പാപ യുഗത്തിലാണ് ഈ ഉടമ്പടി (നിയമം) ചെയ്തത് എന്നും തിരുവെഴുത്തിൽ കാണുന്നു (ഉല്പ: 1:28-2:19).

2 ആദാമ്യ ഉടമ്പടി- (ഉഭയ സമ്മതം) ഇതിൽ ഒരു ശാപവും, ഒരു വാഗ്ദത്തവും അടങ്ങിയിരിക്കുന്നു. (ഉല്പത്തി 8:15-19).

3 നോഹക്കു കൊടുത്ത ഉടമ്പടി - നോഹയുടെ കാലത്ത് ഉണ്ടായ ജലപ്രളയാനന്തരം നോഹയോടും ഒരു ഉടമ്പടി ചെയ്തതായി തിരുവചനം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നു. ഉല്പത്തി 8:21-9:17).

4 അബ്രഹാമ്യ ഉടമ്പടി- ഈ ഉടമ്പടിയിൽ അബ്രഹാമിന്റെ ആത്മീക സന്തതിയും, ജഡസന്തതിയും ഉൾപ്പെടുന്നുണ്ട് (ഉല്പത്തി 12:3;17:8).

5 മോശൈക ഉടമ്പടി- ഈ ഉടമ്പടി അനുസരണത്തിന്മേൽ അത്രേ ക്രമപ്പെടുത്തിയിരിക്കുന്നത്. (പുറ: 19-ാം അദ്ധ്യായം മുതൽ തുടർമാനമായി, പുറ: 31-ാം അദ്ധ്യായം വരെ രേഖപ്പെടുത്തിയിരിക്കുന്നു.)

6 പലസ്തീന്യ ഉടമ്പടി- (ഉഭയ സമ്മതം) ഈ ഉഭയ സമ്മത കാലയളവിൽ യെഹൂദന്റെ ബഹിഷ്ക്കരണം മാത്രമല്ലാ, അംഗീകാരവും നിത്യമായ വാഴ്ചയും ബന്ധപ്പെടുന്നതായി കാണുന്നു (ആവ: 30: 1-10 വരെ).

7 ദാവീദിൻ ഉടമ്പടി- ഈ ഉടമ്പടിയിൽ നാലു നിയമങ്ങൾ കാണുന്നുണ്ട്. ഇവ ചുരുക്കിയാണ് "ഗബ്രിയേൽ ദൂതൻ" "യേശുവിന്റെ" അമ്മയായ മറിയയോട് അരുളി ചെയ്തത് (2ശമു: 7: 12-17).

8 പുതിയ ഉടമ്പടി- ഇത് കൃപായുഗത്തിൽ പൂർണ്ണമായി നിറവേറുന്നതുമാകുന്നു. ഈ 8-ാമത്തെ പുതിയ ഉഭയ സമ്മതം പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിൽ കൂടെ "ദൈവം" ചെയ്ത നിയമമാകുന്നു. അതായത്, പൂർണ്ണതയുടെ സംഖ്യയായ ഏഴ്. കാര്യങ്ങളാൽ ഉറപ്പിച്ചിരിക്കുന്നതും വിസ്മയനീയവുമല്ലോ.

ഏഴു കാര്യങ്ങൾ ഏതെന്ന് ശ്രദ്ധിക്കാം....

1 ന്യായപ്രമാണം ഉള്ളിലാക്കി. 2 അവ ഹൃദയങ്ങളിൽ എഴുതും. 3 നാം ജനവും, അവൻ ദൈവവും ആയിരിക്കും. 4 അന്യ ഉപദേശം ഇല്ലാതെയാകും. 5 എല്ലാവരും അവനെ അറിയും. 6 "പാപങ്ങളെ മറക്കും," 7 പഴയതെല്ലാം നീക്കം ചെയ്യും എന്നിങ്ങനെയാണ് അവ (എബ്രാ: 8: 10-13).

"ഈ അനുഗ്രഹീതമായ ദൈവീക ഉടമ്പടിയുടെ നാളിനെക്കുറിച്ച് പ്രവാചകനായ യിരെമ്യാവ് രേഖപ്പെടുത്തിയിരുന്നതാണിത്." "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദ ഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലം വരും എന്നു - യഹോവയുടെ അരുളപ്പാട്." "ഞാൻ എന്റെ ന്യായപ്രമാണം ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവരുടെ അകൃത്യം മോചിക്കും പാപം ഓർക്കയുമില്ല" (യിരെമ്യാവ് 31: 30-34). "ഞാൻ അവരോടു ചെയ്തിരിക്കുന്ന നിയമം ഇതാകുന്നു, എന്നു യഹോവ അരുളി ചെയ്യുന്നു. നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽ നിന്നും നിന്റെ സന്തതിയുടെ വായിൽ നിന്നും സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നു മുതൽ ഒരു നാളും വിട്ടുപോകയില്ല" (യെശ: 59:21) എന്നു യെശയ്യാവും അറിയിച്ചിരിക്കുന്നു. "ഈ ദൃശ്യം പുതിയ ഉഭയ സമ്മതത്താൽ കൃപായുഗ കാലയളവിൽ സ്ഥാപിതമാകുന്ന നിയമം ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും, ഹൃദയങ്ങളിൽ ഉറപ്പാക്കുന്ന ഒന്നാകുന്നു എന്നത്രേ ഈ വേദഭാഗങ്ങൾ വെളിപ്പെടുത്തുന്നത്.

★

(ശേഷം അടുത്ത ലക്കത്തിൽ)

# വിശ്വാസത്തോടുള്ള അനുസരണം

**സി. തർമാൻ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പരിശുദ്ധാത്മാവിനാൽ ദൈവം അവർക്കു വെളിപ്പെടുത്തിക്കൊടുത്ത അറിവ് പ്രകാരമായിരുന്നു അവരെല്ലാം എഴുതിയത്. അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവ് പഠിപ്പിച്ചുകൊണ്ടാണിരുന്നത്. 'പറയേണ്ടതു പരിശുദ്ധാത്മാവ് ആ നാഴികയിൽ തന്നേ നിങ്ങളെ പഠിപ്പിക്കും (ലൂക്കൊസ് 12:12). മാനുഷ ജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ദൈവാത്മാവ് ഉപദേശിക്കുന്ന വചനങ്ങളാലാണ് ഞങ്ങൾക്ക് ഈ അറിവ് കിട്ടിയത് എന്ന് പൌലൊസ് അപ്പൊസ്തലൻ പറയുകയുണ്ടായി (1കൊരിന്ത്യർ 2:10-13). കർത്താവിന്റെ വാഗ്ദാന പ്രകാരം പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരെ നയിക്കുകയും അവർ ദൈവ വചനം, വിശ്വാസം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു (യോഹന്നാൻ 14:26). ദൈവ വചനം ആവശ്യപ്പെടുന്നതു എല്ലാം നാം ചെയ്യുമ്പോൾ നാം വിശ്വാസത്തോടു അനുസരണമുള്ളവരായി തീരുന്നു. കുറച്ചു മാത്രം ചെയ്യുന്നവർ ദൈവത്തിലും അവന്റെ വചനത്തിലും വിശ്വാസക്കുറവുള്ളവർ എന്നു തെളിയിക്കുന്നു.

## അനുസരണത്തിനുള്ള ആവശ്യകത

യേശുക്രിസ്തു ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞിട്ടുള്ള കാര്യമാണ് നാം അവനെ സ്നേഹിക്കുന്നുവെങ്കിൽ അവൻ പറയുന്നതു ചെയ്യും എന്ന്. "എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്ന ഏവനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് (മത്തായി 7:21). യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കയും അവന്റെ കല്പനകൾ അനുസരിക്കാതിരിക്കയും ചെയ്യുന്നതു വിരോധാഭാസമല്ലേ ? യേശു ചോദിക്കുന്നതു: നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും

ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത് എന്നാണ് (ലൂക്കൊസ് 6:46). യേശുക്രിസ്തുവിലുള്ള വിശ്വാസം അവനെ സ്നേഹിക്കുന്നതിലേക്കു നയിക്കുന്നു. ആ സ്നേഹമാണ് അനുസരണത്തിലേക്ക് നയിക്കുന്നത്. കർത്താവ് അരുളിച്ചെയ്തത്: നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും (യോഹന്നാൻ 14:15). പ്രവൃത്തിയില്ലാത്ത വിശ്വാസവും വിശ്വാസമില്ലാത്ത പ്രവൃത്തിയും ദൈവത്തിനു പ്രയോജനമില്ലാത്തതാണ്. പ്രവൃത്തിയോടു കൂടെയാണ് നമ്മുടെ വിശ്വാസം പൂർണ്ണമാകുന്നത് (യാക്കോബ് 2:18). കർത്താവിനോടുള്ള സ്നേഹവും വിശ്വാസവും പ്രകടമാക്കുന്നതു അവനിലുള്ള വിശ്വാസത്തെ അനുസരണത്തിൽ കാണിക്കുമ്പോഴാണ്.

നാം എല്ലാവരും പിൻപറ്റേണ്ടതിനു യേശുക്രിസ്തു നമുക്ക് ഒരു മാതൃക വിട്ടേച്ചു പോയിരിക്കയാണ്. പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച്, തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും അവൻ നിത്യ രക്ഷയുടെ കാരണഭൂതൻ ആയിത്തീർന്നു (എബ്രായർ 5: 8-9). നാം കർത്താവിനെ പ്രസാദിപ്പിക്കുന്നുവെങ്കിൽ നാം അവന്റെ കാൽപാടുകളെ പിൻപറ്റും. നമ്മെ പഠിപ്പിച്ച ഉപദേശ രൂപത്തെ നാം ഹൃദയപൂർവ്വം അനുസരിക്ക കൊണ്ടത്രേ രക്ഷിക്കപ്പെട്ടതു എന്നു പൌലൊസ് പറയുന്നു (റോമർ 6:16). എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം ഉററു സ്നേഹിപ്പിൻ എന്നു പത്രൊസ് പ്രബോധിപ്പിച്ചിരിക്കുന്നു. ദൈവേഷ്ടം അനുസരിക്കുന്ന വിശ്വാസമുള്ളവരെയാണ് ദൈവം രക്ഷിക്കുന്നത്. കർത്താവ് വീണ്ടും പ്രത്യക്ഷനാകുമ്പോൾ സുവിശേഷം അനുസരിക്കാതിരിക്കുന്നവർക്കു നിത്യശിക്ഷാവിധി നല്കും എന്നതാണ് ദൈവത്തിന്റെ ആഹ്വാനം (2തെസലോനിക്യർ 1: 7-8).

★

# കർത്താവിന്റെ രണ്ടാം വരവ്

## തോമസ് R. D.

സൊമാലിയ മണലാരണ്യത്തിലെ പടയാളി യേശു ക്രിസ്തുവിന്റെ രൂപം കണ്ടെത്തുകയും, പടമെടുക്കയും ചെയ്തു എന്ന വാർത്ത പത്രങ്ങളിൽ വന്നതു നിങ്ങൾ വായിച്ചു കേട്ടിരിക്കുമല്ലോ. യേശുക്രിസ്തു എങ്ങനെയിരിക്കുമെന്ന് ആർക്കും അറിഞ്ഞുകൂടാത്ത സാഹചര്യത്തിൽ അയാൾക്ക് എങ്ങനെ അതു യേശുവിന്റെ രൂപമാണെന്ന് സ്ഥിരീകരിക്കുവാൻ കഴിഞ്ഞു എന്നതാണ് അത്ഭുതം. യെശയ്യാവിന്റെ വിശദീകരണം അല്പ വിവരം നല്കുന്നു എന്നതൊഴിച്ചാൽ പൂർണ്ണമായ സാദൃശ്യം ആർക്കും വ്യക്തമാക്കാവുന്നതല്ല (യെശയ്യാവ് 52:14). ലോകത്തിലെ സംഭവങ്ങളിന്മേൽ ദൈവത്തിന്റെ നിയന്ത്രണമുണ്ട് എന്നു നിസംശയം പറയാം. എന്നാൽ ഇത്തരം വിവരങ്ങൾ എഴുതപ്പെട്ട തിരുവെഴുത്തുമായി പരിശോധിക്കേണ്ടതുണ്ട്. യേശുക്രിസ്തുവിന്റെ വീണ്ടും വരവു സംബന്ധിച്ചും അതു വാസ്തവം തന്നെ. ശരിയായ പരിജ്ഞാനം ലഭിക്കുവാൻ അതു കൂടിയേ തീരൂ.

“പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ” (1 യോഹന്നാൻ 4:1). ഈ മുന്നറിയിപ്പ് എല്ലാ ക്രിസ്ത്യാനികളും പാലിക്കേണ്ടതാണ്. സത്യമായ ഉപദേശത്തിൽ നിലനില്ക്കുന്നോ ഇല്ലയോ എന്നു നാം ആരെയും പരിശോധിക്കുന്നതിൽ യാതൊരു അപാകതയുമില്ല എന്ന കാര്യം എല്ലാവരും അറിഞ്ഞിരിക്കണം. ഇതിനെതിരായി പ്രചരിപ്പിക്കുന്നതു ദൈവികമല്ല; പൈശാചികമാണ്.

കർത്താവിന്റെ നാളിനെക്കുറിച്ച് പത്രോസ് പറയുന്നത്, ''ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും (2പത്രൊസ് 3: 9-10). അവന്റെ വരവിൽ ആകാശം ഒഴിഞ്ഞുപോകണം. ഭൂമിയും അതിലുള്ള മൂലപദാർത്ഥങ്ങളും വെന്തുരുകും എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ സൊമാലിയ മരുഭൂമിയിൽ യേശുക്രിസ്തു വന്നുവെങ്കിൽ ഈ സംഭവ വികാസങ്ങൾ ഉണ്ടാകേണ്ടതല്ലേ ? അവന്റെ വരവിൽ ജീവനോടെ ശേഷിച്ചിരിക്കുന്നവർ അവനോടു ഒരുമിച്ച് ആകാശത്തിൽ എടുക്കപ്പെടണം. അതായത് അവനിൽ ആശ്രയിച്ച് അവന്റെ വചനം പ്രമാണിച്ച് ജീവിക്കുന്നവരെ അവൻ എടുത്തുകൊള്ളും എന്നതും അവന്റെ വരവിൽ നടക്കേണ്ടതാണ് (1തെസലോനിക്യർ 4:17).

അപ്പൊസ്തലനായിരുന്ന പൌലൊസ് വിവരിക്കുന്നത് നാം പരിഗണിക്കേണ്ടതാണ്. ''കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്ര കൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള നാദത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവമനസിലെ ഉപദേഷ്ടാവ്

W. L. വെബ്സ്റ്റർ

ഒരാൾ യൂദായുടെ പുസ്തകം ശ്രദ്ധയോടെ വായിക്കുമെങ്കിൽ, അവൻ വലിയൊരു സുവിശേഷ പ്രസംഗകനായി തന്നെ പരിചയപ്പെടുത്തുന്നു എന്നു തിരിച്ചറിയാം. മററുള്ള സുവിശേഷകന്മാർ പുതിയ നിയമത്തിൽ ധാരാളമായി അറിയപ്പെടുന്നവരാണ്. എങ്കിലും ഒരു നല്ല ഉപദേഷ്ടാവിൻെറ ചിത്രം നമുക്ക് ദൈവം യൂദയിൽ കാണിച്ചു തരുന്നുണ്ട്. എല്ലാ ഉപദേഷ്ടാക്കന്മാരിൽ നിന്നും ദൈവം ആഗ്രഹിക്കുന്ന സ്വഭാവഗുണങ്ങൾ, വിശേഷതകൾ എന്നിവ എടുത്തുപറയേണ്ടിയിരിക്കുന്നു. യഥാർത്ഥ സുവിശേഷകൻ, ദൈവത്തിനുവേണ്ടി തൻെറ ദൂത് സത്യസന്ധമായി അറിയിക്കുന്നവനായിരിക്കണം. കലർപ്പില്ലാത്ത ദൂതും മാതൃകാജീവിതവും ആ ദൈവദാസനിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നു.

ആദ്യമായി യൂദാ, തൻെറ ഉപദേഷ്ടാവ് എന്ന സ്ഥാനം തിരിച്ചറിഞ്ഞു (യൂദാ 1). അവൻ യേശുക്രിസ്തുവിൻെറ ദാസനാണെന്നു മനസിലാക്കിയിരുന്നു. രാജാധിരാജാവും, കർത്താധികർത്താവും ആയിരിക്കുന്ന മശിഹയുടെ ദാസനായിരിക്കുന്നതു വലിയ ആദരവായി അവൻ കണക്കാക്കിയിരുന്നു (1 തിമൊഥെയോസ് 6:15). അവൻ തൻെറ രക്ഷകൻ ഏതുപോലെ കാണപ്പെട്ടുവോ അതുപോലെ കാണപ്പെടുവാൻ ആഗ്രഹിച്ചു. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷ ചെയ്‌വാനത്രേ വന്നതു എന്നു കർത്താവ് അരുളിച്ചെയ്തിരുന്നതു ഓർമ്മിക്കുമല്ലോ (മത്തായി. 20;28).

രണ്ടാമതായി യൂദാ ആവശ്യമുള്ള സത്യം സംസാരിച്ചു. മററു ക്രിസ്ത്യാനികളെപ്പോലെ താനും ആസ്വദിച്ച പൊതുവിലുള്ള രക്ഷയെക്കുറിച്ച് ഒരു ലേഖനം എഴുതണമെന്ന് യൂദാ താല്പര്യപ്പെട്ടു (യൂദാ. 3). നുഴഞ്ഞുവന്ന ദുരുപദേഷ്ടാക്കളുടെ ദുഷ്പ്രവൃത്തിയെ ദൈവശ്വാസിയനായ യൂദാ ഖണ്ഡിച്ച് എഴുതുന്നതു നോക്കുക. നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു. അവരുടെ ഈ ശിക്ഷാവിധി പണ്ടുതന്നേ എഴുതിയിരിക്കുന്നു (യൂദാ 4). അതുകൊണ്ട് വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പ്പിച്ച വിശ്വാസത്തിനായി പോരാടേണം എന്നു എഴുതി പ്രബോധിപ്പിക്കുകയാണ്. യൂദയെപ്പോലുള്ള ഒരു ഉപദേഷ്ടാവായി മാറുവാൻ പൌലോസ് തിമൊഥെയോസിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട് 'വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക, സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക, തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക (2 തിമൊഥെയോസ് 4:2). ഒരു വ്യക്തി തന്റെ ആയുഷ്ക്കാലം മുഴുവൻ സത്യം പ്രസംഗിച്ചു ജീവിച്ചിട്ടും ആവശ്യമുള്ള സത്യം സംസാരിക്കാതിരുന്നാൽ അവൻ നഷ്ടപ്പെട്ടുപോകും എന്ന സത്യം തിരിച്ചറിഞ്ഞ ഉപദേഷ്ടാവായിരുന്നു യൂദാ.

മൂന്നാമതായി യൂദയുടെ കാലഘട്ടത്തിലെ ദുരുപദേഷ്ടാക്കന്മാർക്ക് എതിരായി നിലനിന്നിരുന്നു. ദുരുപദേഷ്ടാക്കൾ നമ്മുടെ ദൈവത്തിന്റെ കൃപയെ മറിച്ച് ഭോഗപ്രിയമാക്കുകയും ദൈവത്തെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയും നിഷേധിക്കുകയും ചെയ്തിരുന്നു (യൂദാ 4). അപ്പൊസ്തലനായിരുന്ന പൌലൊസിന്റെ അതേ മനോഭാവമായിരുന്നു യൂദക്കും ഉണ്ടായിരുന്നത്. "അതോ, നുഴഞ്ഞുവന്ന കള്ള സഹോദര

ന്മാർ നിമിത്തമായിരുന്നു. അവർ നമ്മെ അടിമപ്പെടുത്തേണ്ടതിനു ക്രിസ്തുയേശുവിൽ നമുക്കുള്ള സ്വാതന്ത്ര്യം ഒററുനോക്കുവാൻ നുഴഞ്ഞു വന്നിരുന്നു. സുവിശേഷത്തിൻെറ സത്യം നിങ്ങളോടുകൂടെ നിലനില്ക്കേണ്ടതിനു ഞങ്ങൾ അവർക്കു ഒരു നാഴിക പോലും വഴങ്ങിക്കൊടുത്തില്ല (ഗലാത്യർ 2;4-5)

നാലാമതായി, സഹോദരന്മാർക്കു എപ്പോഴും അറിയാമായിരുന്ന ചില കാര്യങ്ങളെ ഓർമ്മിക്കുവാൻ യൂദാ ആവശ്യപ്പെടുന്നുണ്ട് (യൂദാ. 5), പ്രസംഗത്തിൻെറ ആവർത്തനം മനസ്സിലാക്കിയ ഒരു സുവിശേഷകനായിരുന്നു യൂദാ. ദൈവത്തിൻെറ അരുളപ്പാടുകളുടെ ആദ്യ പാഠങ്ങൾ സഹോദരങ്ങൾ മറക്കുവാനിടയുണ്ടെന്നു അവൻ ഗ്രഹിച്ചിരുന്നു (എബ്രായർ 5;12). പൌലോസ് തിമൊഥെയോസിനു എഴുതിയതുപോലെ യൂദാ കർത്താവിൻെറ നല്ലൊരു ശുശ്രൂഷകനായിരുന്നു. ഇതു സഹോദരന്മാരെ ഗ്രഹിപ്പിച്ചാൽ നീ അനുസരിച്ച വിശ്വാസത്തിൻേറയും സദുപദേശത്തിൻേറയും വചനത്താൽ പോഷണം ലഭിച്ചു ക്രിസ്തുയേശുവിനു നല്ല ശുശ്രൂഷക്കാരൻ ആകും (1തിമൊഥെയോസ്. 4:6).

അഞ്ചാമതായി, ലളിതവും നേരിട്ടുള്ളതുമായ വാക്കുകളാലാണ് യൂദാ സംസാരിച്ചത്. എല്ലാവർക്കും മനസ്സിലാകുന്ന വാക്കുകളാലാണ് ദുരുപദേഷ്ടാക്കളെ വിവരിച്ചതു (യൂദാ 8-16). താൻ കൊടുക്കുന്ന സന്ദേശം ജനങ്ങൾ മനസ്സിലാക്കുവാനും പ്രായോഗിക ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്നും അവൻ തിരിച്ചറിഞ്ഞിരുന്നു. യേശുക്രിസ്തു ആളുകളെ പഠിപ്പിച്ചപ്പോൾ ഈ തത്വം ഉപയോഗിച്ചിരുന്നു. മർക്കോസ് യേശുക്രിസ്തുവിനെ പററി പറയുന്ന ഭാഗം പരിഗണിക്കുക. ദാവീദ് തന്നെ അവനെ കർത്താവ് എന്നു പറയുന്നുവല്ലൊ. പിന്നെ അവൻെറ പുത്രൻ ആകുന്നതു എങ്ങനെ? എന്നാൽ വലിയ പുരുഷാരം അവൻെറ വാക്കു സന്തോഷത്തോടെ കേട്ടുപോന്നു

(മർക്കോസ് 12:37). സാധാരണക്കാർക്കുപോലും മനസിലാകുന്ന വാക്കുകളാണ് കർത്താവ് ഉപയോഗിച്ചിരുന്നത്.

ആറാമതായി, യൂദാ പറയുന്നതു ചിത്രീകരിക്കുന്നതിനായി ബൈബിളിൽ വിവരിച്ചിട്ടുള്ള മാതൃക എടുത്തു കാണിക്കാറുണ്ടായിരുന്നു. വിശ്വാസ ത്യാഗം സംഭവിക്കാനിടയുണ്ട് എന്നതു മുന്നറിയിക്കുവാനായി പഴയ നിയമത്തിലെ ഉദാഹരണങ്ങൾ അവൻ നിരത്തുന്നുണ്ട്. ഇസ്രായേൽ ജനം അത്ഭുതകരമായി ദൈവത്താൽ വിടുവിച്ചു കൊണ്ടു വന്നിട്ടും അവർ വിശ്വാസത്തിൽ നിന്നും അകന്നു പോയിരുന്നു. ദൈവ ദൂതന്മാർക്കുപോലും പാപത്താൽ അവരുടെ പദവി നഷ്ടപ്പെട്ട സന്ദർഭവും വരച്ചു കാണിക്കുന്നുണ്ട്. മാത്രമല്ല, സോദോം, ഗൊമോറ എന്നീ പട്ടണങ്ങളേയും ദൃക്സാക്ഷ്യത്തിനായി സൂചിപ്പിക്കുന്നു (യൂദാ 5-7). ദുരുപദേഷ്ടാക്കൾ വരുമെന്നതിനു ഉദാഹരണമായി കയീൻ, ബിലെയാം, കോരഹ് എന്നിവരെ ഓർമ്മിപ്പിക്കുന്നു. അവൻ തന്റെ ദൈവ വചന പ്രസംഗത്തിൽ ഉടനീളം ഇത്തരം ആളുകളേയും സംഭവങ്ങളേയും വിവരിക്കുന്നു. ഏതു നിലവാരത്തിലുള്ളവർക്കും ലളിതമായി ഗ്രഹിക്കുവാൻ ഇതു സഹായകരമായി തീരുന്നു.

ഏഴാമതായി, യൂദാ ആരോടു പ്രസംഗിച്ചുവോ അവർ അതു പ്രായോഗികമാക്കുവാൻ അവൻ ആവശ്യപ്പെട്ടിരുന്നു. "നിങ്ങളോ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ മുൻപറഞ്ഞ വാക്കുകൾ ഓർപ്പിൻ" (യൂദാ 17). യൂദയുടെ പ്രബോധനം ശ്രദ്ധിക്കുക. സഹോദരന്മാരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി ആത്മിക വർദ്ധന വരുത്തുവിൻ എന്നു പറയുന്നു. ദൈവ സ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊൾവിൻ എന്നു മുന്നറിയിക്കുന്നുമുണ്ട്. കേൾവിക്കാരുടെ മനസിൽ ദൂതു പതിയണമെങ്കിൽ അതു ഉദാഹരണ സഹിതം വേണമെന്നു അവൻ തിരിച്ചറിഞ്ഞിരുന്നു. എങ്കിലേ അവർക്ക് അതിന്റെ പൂർണ്ണ പ്രയോജനം ലഭിക്കയുള്ളൂ.

★

# ഉദാഹരണമായി

## വിൻഫ്രെഡ് ക്ലാർക്ക്

പ്രസംഗകർ വീണ്ടും വീണ്ടും ഉപയോഗിച്ചു വരുന്ന പ്രയോഗമാണല്ലോ ഉദാഹരണമായി എന്നത്. ഒരു കാര്യത്തെ വിശദമായി ഗ്രഹിപ്പിക്കുവാൻ ചിത്രീകരിച്ച് ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇവ ഉപയോഗിക്കുന്നത്. സുപരിചിതമായ ഒന്നിനോട് അതിനെ ബന്ധിപ്പിച്ച് സംസാരിക്കുകയാണ് പതിവ്. പ്രത്യേകത ഇതിൽ നാം ദർശിക്കുന്നത്: ദൈവശ്വാസീയരായ സുവിശേഷകന്മാരും ഈ വാക്കുകൾ ആവർത്തിച്ച് പ്രതിപാദിച്ചിട്ടുള്ളത് പരിശോധിക്കുമ്പോഴാണ്. എന്തെന്നാൽ ഉദാഹരണമായി യാക്കോബ്, ക്ഷമ എന്ന വിഷയത്തെ പരാമർശിച്ച് ചർച്ച നടത്തുന്നത് ശ്രദ്ധിക്കുക. തന്റെ വായനക്കാരോട് അവൻ പറയുന്നത്: "എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുൻമഴയും പിൻമഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ (യാക്കോബ് 5:7) താൻ പഠിപ്പിച്ച സത്യത്തെ ഉറപ്പിക്കേണ്ടതിനു ഒരു സാധാരണ സംഭവത്തെ എടുത്തുകാണിക്കുകയാണ് ചെയ്യുന്നത്.

അനുയോജ്യമല്ലാത്ത ഉദാഹരണങ്ങൾ ആളുകൾ ചില സന്ദർഭങ്ങളിൽ എടുത്തുകാണിക്കാറുള്ളത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. അവസരത്തിനു ഇണങ്ങാത്ത കാര്യങ്ങളായിരിക്കും അവർ ഉദ്ധരിക്കുക. പരിവർത്തന വിഷയത്തെ സുവിശേഷം പറയുന്ന സന്ദർഭങ്ങളിൽ പരാമർശിക്കുമ്പോൾ ആളുകൾ യേശുക്രിസ്തുവിനെ ക്രൂശിൽ തറച്ചു കൊന്നപ്പോൾ ക്രൂശിച്ച മറ്റൊരു കള്ളന്റെ ഉദാഹരണം എടുത്തുപറയുന്നതു നിങ്ങൾ കേട്ടിരിക്കുമല്ലോ. ക്രൂശിലെ കള്ളനും പരിവർത്തനവുമായി യാതൊരു ബന്ധവു

മില്ല എന്നു നമുക്ക് അറിയാം. എന്നാൽ ചിലർ ചോദിക്കുന്നതു ക്രൂശിലെ കള്ളൻ സ്നാനം കൂടാതെ പറുദീസയിലേക്ക് എടുക്കപ്പെട്ടില്ലേ എന്നാണ്. ഒരു മനുഷ്യനും പരിവർത്തനത്തിന്റെ മാതൃകയായി ഇതിനെ എടുക്കാവുന്നതല്ല. യേശുക്രിസ്തുവിനു കൊടുത്ത ശിക്ഷയെക്കുറിച്ചു പറയുന്ന സത്യത്തോടു അനുബന്ധമായി ഇതു പറയാവുന്നതാണ്. എങ്കിലും അനേകം പേർ ഒഴിവുകഴിവായി ഇത്തരം മുടന്തൻ ന്യായങ്ങൾ ഉദ്ധരിക്കാറുണ്ട്. ഇതെത്ര വിരോധാഭാസവും ഖേദകരവുമാണ് എന്ന് ഓർക്കുക.

## ഉദാഹരണമായി ക്ഷമ

ഈ പ്രധാന വിഷയത്തെക്കുറിച്ച് നിസ്സംശയം നമ്മെ മനസ്സിലാക്കിത്തരികയാണ്. യാക്കോബ് രേഖപ്പെടുത്തിയിരിക്കുന്ന പ്രബോധനം എന്തെന്നാൽ ''സഹോദരന്മാരെ, കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ കഷ്ടാനുഭവത്തിനും ദീർഘക്ഷമെക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ. സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്നു പുകഴ്ത്തുന്നു. യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു: കർത്താവു മഹാകരുണയും മനസ്സലിവുമുള്ളവനല്ലോ (യാക്കോബ് 5:10-11). ക്ഷമയുടെ കാര്യത്തെക്കുറിച്ച് പഠിക്കുമ്പോൾ സംശയാതീതമായി മനസ്സിലാക്കാം. പ്രവാചകന്മാരുടെ ജീവിതചരിത്രം പരിശോധിച്ചാൽ അനേക ബുദ്ധിമുട്ടുകൾ അവർ തരണം ചെയ്തിരുന്നു എന്നു കാണാം. ദീർഘമായി വർഷങ്ങളോളം പ്രവചിച്ച ഒരു പ്രവാചകനായിരുന്നു യിരെമ്യാവ്. വിജയിക്കുന്നു എന്നു പറയാവുന്ന സാഹചര്യങ്ങൾ പോലുമില്ല. എങ്കിലും അവന്റെ ദൗത്യത്തിൽ നിന്നും അവൻ പിന്മാറിയില്ല, ഇയ്യോബിനു നേരിട്ട പരീക്ഷണങ്ങളിലും ഞെരുക്കങ്ങളിലും അവൻ തളരാതെ ധൈ

വരെ സേവിച്ചുവന്നു എന്നു നാം അറിയുന്നുവല്ലോ. അവൻ ഉപേക്ഷിച്ചില്ല; ഇവയെല്ലാം വലിയ ഉദാഹരണങ്ങൾ തന്നെ. നമുക്കെല്ലാം അവ ഉത്തേജനം തരുന്നുണ്ട്. ക്ഷമ എന്നതിന്റെ അർത്ഥം ക്ഷമ തന്നെയാണെന്നു ഈ ഉദാഹരണങ്ങളിലൂടെ നമുക്കു ഗ്രഹിക്കാം.

## ഉദാഹരണമായി-തീർച്ച

ഉറപ്പിന്റെ വലിയ ആവശ്യകതയെ നേരിൽ കണ്ട് എഴുതിയ ആളായിരുന്നു എബ്രായ ലേഖകൻ. വിശ്വാസത്തിനു എതിരായി പൊങ്ങുന്ന ഏതൊരു ശക്തിയെയും തട്ടിമാറ്റുവാൻ ശക്തമായ ഉറപ്പുള്ളവർക്കേ സാധിക്കു. ചിലർ സമ്പത്തു അപഹരിക്കുമ്പോൾ മറ്റുചിലർക്കു നഷ്ടമാകുകയാണ്. നഷ്ടപ്പെടുന്നവർ അതു സന്തോഷത്തോടെ സഹിക്കുന്നു (എബ്രായർ 10:34). വേറെ ചിലരുടെ കൈകൾ തളർന്നിരിക്കയാണ് മുഴങ്കാലുകൾ കുഴഞ്ഞിരിക്കയുമാണ്. ആരും കർത്താവിന്റെ കൃപ വിട്ടുപോകരുതു എന്നു മുന്നറിയിച്ചിരിക്കുന്നു (എബ്രായർ 12;15). ഈ വാക്യങ്ങളിൽ നിന്നും നാം പഠിക്കുന്നതെന്താണ്? വളരെ ശ്രദ്ധയോടെ പറയുന്നതു കേൾക്കുക. അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്നു നഗരവാതിലിനു പുറത്തുവെച്ചു കഷ്ടം അനുഭവിച്ചു. ആകയാൽ നാം അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനു പുറത്തു അവന്റെ അടുക്കൽ ചെല്ലുക (എബ്രായർ 13;12-13). ഈ തീർച്ചെക്കു നമ്മുടെ കർത്താവിനു കൊടുക്കേണ്ടിവന്ന വില എത്ര വലുതായിരുന്നു എന്നോർക്കുക. യേശു തന്റെ തീർച്ചെക്കൊന്നും യാതൊരു വിട്ടുവീഴ്ചയും കാണിച്ചില്ല എന്നതു നമുക്കു ധൈര്യം പകരുന്നു.

യേശുവിന്റെ മാതൃക പിൻപറ്റുവാനാണ് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്. ജീവിതത്തിൽ അത്തരം സാഹചര്യങ്ങളെ നാം അതേ രൂപത്തിൽ അതിജീവിക്കണം. നമ്മുടെ ഉറപ്പിൽ നിന്നു നാം ഇളകിപ്പോകരുത്. തന്റെ ഉറച്ച തീരു

മാനത്തിൽ നിന്നു ഇളകിപോകാതിരുന്ന യേശു മരണത്തെ ധീരമായി നേരിട്ടു. എന്തിനുവേണ്ടിയായിരുന്നു? നമ്മുടെ രക്ഷക്കുവേണ്ടിയായിരുന്നു. നമുക്ക് നിസാരമായ പ്രശ്നങ്ങൾ വരുമ്പോൾ പോലും നാം ചഞ്ചലിതരായി മാററുണ്ട്. അപ്പോൾ തത്വത്തിൽ നാം വിലകൊടുക്കയാണോ ചെയ്യുന്നത്? കഷ്ടതകളും പരീക്ഷണങ്ങളും വരുമ്പോൾ അതിനെ തരണം ചെയ്യണം. പാപികളുടെ വൈപരീത്യസ്വഭാവം അവനു എതിരായി നിന്നിരുന്നു. അതുകൊണ്ട് പാപികളാൽ തനിക്കുനേരിട്ട വിരോധങ്ങൾ സഹിച്ചവനെ ധ്യാനിച്ചുകൊണ്ടാൽ നാം ക്ഷീണിച്ചു മടുക്കാതിരിക്കും. (എബ്രായർ 12;3). അത്തരം ദാരുണമായ സന്ദർഭത്തിൽ ഒരു നിമിഷം പോലും ദൈവത്തിന്റെ സത്യത്തിൽ നിന്നു യാതൊരു വ്യതിചലനവും അവനുണ്ടായില്ല. അവൻ അപ്പോഴും ക്രൂശിൽ തൂങ്ങികൊണ്ട് തിരുവെഴുത്ത് പൂർണ്ണമായി നിറവേററി.

## ഉദാഹരണമായി-വിശുദ്ധി

ലോകത്തെ മൊത്തത്തിൽ നാം നോക്കിയാൽ ജനങ്ങൾ വഴിതെററി പാപത്തിന്റെ മ്ളേച്ഛതയിൽ മുങ്ങി കിടക്കുന്നു എന്നു പറയാം. അപ്പോൾ വിശുദ്ധ ജീവിതത്തിനു നല്ലൊരു മാതൃക കാണിച്ചുകൊടുക്കേണ്ടതു അത്യാവശ്യമാണ്. മനുഷ്യർ അനുകരിക്കേണ്ടതിനു ദൈവം വിശുദ്ധിക്കു മാതൃക തന്നിട്ടുണ്ട്. ആത്മാർത്ഥമായി ബൈബിൾ പരിശോധിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും അതു തിരിച്ചറിയാൻ ബുദ്ധിമുട്ടേണ്ടി വരികയില്ല. "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു എഴുതിയിരിക്കുന്നുവല്ലൊ (1പത്രൊസ് 1:16).

★

(ശേഷം അടുത്ത ലക്കത്തിൽ)

സ്ത്രീകൾക്കു വേണ്ടി

# നിങ്ങൾ എങ്ങനെ ഓടിക്കൊണ്ടിരിക്കുന്നു ?

### ആശാ സിദ്ധാർത്ഥൻ

ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്ന് അറിയുന്നില്ലയോ ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവനൊക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു, അതോ അവർ വാടുന്ന കിരീടവും നമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്, ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്. മററുള്ളവരോടു പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിനു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നത് (1കൊരിന്ത്യർ 9:24).

ഓട്ടപ്പന്തയം എന്നാൽ കുട്ടികൾ മുതൽ മുതിർന്നവർ വരെ അറിയുന്ന ഒന്നാണല്ലോ. ഇങ്ങനെയുള്ള കളികളെല്ലാം ഏകദേശം 1-ാം നൂററാണ്ടിൽ നിലവിൽ ഉണ്ടായിരുന്നു. മററു കളികളിൽ നിന്ന് വ്യത്യസ്തമായി ഓട്ടപ്പന്തയം എടുത്താൽ അതിന് ഓടാൻ ആരംഭിക്കുന്നതു മുതൽ അവസാനിപ്പിക്കുന്നതിനുള്ള സ്ഥലം മാത്രം മതിയാകും. മറെറാന്നും തന്നെ ആവശ്യം ഇല്ല. പണ്ടുകാലങ്ങളിൽ ഇങ്ങനെയുള്ള ഓട്ടപ്പന്തയങ്ങളിൽ രാജകുമാരന്മാരും മന്ത്രിമാരും പോർ വീരന്മാരും മാത്രമാണ് പങ്കെടുത്തിരുന്നത്. കാരണം അന്നുള്ള രാജകുമാരിമാർക്ക്, തങ്ങളെ വിവാഹം കഴിക്കുന്ന ആളെ തിരഞ്ഞെടുക്കേണ്ടതിന് ഇങ്ങനെയുള്ള മത്സരങ്ങൾ നടത്തിയിരുന്നു.

ഓട്ടപ്പന്തയത്തിൽ നൂറുപേർ ഓടിയാലും ഒരാം മാത്രമേ വിജയം വരിക്കുന്നുള്ളൂ. മററു തൊണ്ണൂറെറാമ്പതു പേരും പരാജയമടയുന്നു. വിജയിക്കുന്ന ആംക്ക് സന്തോഷവും പ്രതിഫലവും തോൽക്കുന്നവർക്ക് അപമാനവും ലഭിക്കുന്നു. എന്നാൽ ക്രിസ്ത്യാനികളായ നാമോ നമ്മുടെ ക്രിസ്തീയ ജീവിതം ആരംഭിക്കുന്ന നാരം തുടങ്ങി വിശ്വാസത്തിൽ ഓടാൻ ആരംഭിക്കുന്നു. (നാം സ്നാനം ഏററ് ക്രിസ്ത്യാനി ആകുന്ന അന്നു മുതൽ). ആ വിശ്വാസ ഓട്ടത്തിൽ ഓടി ജയിക്കുന്ന ഓരോരുത്തനും ദൈവം ജീവകിരീടം നൽകുന്നു. ഓട്ടപ്പന്തയത്തിൽ ഒരുവന് മാത്രമാണ് സമ്മാനം ലഭിച്ചിരുന്നതെങ്കിൽ വിശ്വാസ ജീവിതത്തിൽ ഓടി ജയിക്കുന്ന എല്ലാവർക്കും ജീവകിരീടം ലഭിക്കുന്നു. അന്നുള്ള രാജാക്കന്മാർ സമ്മാനമായി വാടുന്ന കിരീടം കൊടുത്തിരുന്നു എങ്കിൽ നമുക്ക് വാടാത്ത കിരീടം ലഭിക്കുന്നു. ഇതിനാൽ ആണ് പൗലൊസ് അപ്പൊസ്തലൻ അന്നുള്ള മനുഷ്യർക്കും ഇന്നുള്ള മനുഷ്യർക്കും ഒരേപോലെ മനസ്സിലാക്കുന്നതിനായി ഓട്ടപ്പന്തയത്തെ ഉദാഹരണമായി പറയുന്നത്.

വിശ്വാസ ജീവിതമാകുന്ന ഓട്ടപ്പന്തയത്തിൽ നാം എങ്ങനെ ഓടണം ? നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ, ആമയുടെയും മുയലിന്റെയും കഥ. മുയൽ താൻ തന്നെ ജയിക്കും എന്ന ഗർവ്വിനാൽ ആമ വരുന്നതു വരെ വഴിയിൽ കുറച്ചുനേരം വിശ്രമിക്കുന്നു. എന്നാൽ മുയൽ ഉറങ്ങിപ്പോകുന്നു. ആമ ജയിക്കുകയും ചെയ്യുന്നു. മുയലിന് തനിക്ക് ജയിക്കുവാനുള്ള ശക്തി ഉണ്ടായിട്ടു കൂടി ജയം കാണാൻ കഴിയുന്നില്ല. എന്നാൽ ആമയോ തന്റെ താഴ്മയാൽ ജയിക്കുകയും ചെയ്യുന്നു. അതിനാൽ നാമും നമ്മുടെ വിശ്വാസ ജീവിതത്തിൽ നമ്മുടെ എല്ലാം ഗർവ്വും അഹങ്കാരവും വിട്ടുകൊണ്ട് താഴ്മയോടെ ഓടണം.

നാം വിശ്വാസ ജീവിതത്തിൽ ഓടിക്കൊണ്ടിരിക്കുമ്പോരം തന്നെ അനേകം പാപങ്ങരം ചെയ്യുന്നു. പുറമെ ചെയ്യുന്ന പാപങ്ങരം നമ്മരം മനസ്സിലാക്കുന്നു. മാനസാ

ന്തരപ്പെടുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ കണ്ണിനു കാണാൻ കഴിയാതെ നാം തന്നെ അറിയാതെ അനേകം പാപങ്ങൾ നമ്മുടെ ഉൾമനസ്സ് ചെയ്യുന്നു. ഉദാഹരണത്തിന്, പണ്ട് പാവപ്പെട്ടവരുടെ വീടുകളിൽ പാചകം ചെയ്യുന്നതിന് വളരെ കുറച്ച് പാത്രങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. അതിനാൽ അവർ ആ പാത്രങ്ങളെ കഴുകി വെയിലിൽ ഉണങ്ങാൻ വയ്ക്കുക പതിവായിരുന്നു. അതിനാൽ എന്തു സംഭവിക്കുന്നുവെന്നാൽ നമ്മുടെ കണ്ണിനു കാണാൻ കഴിയാത്ത ഏറ്റവും ചെറിയ അണു കൂടി നശിച്ചു പോകുന്നു. എന്നാൽ അന്നുള്ളവർ അതിന്റെ ഗുണം അറിയാതെയായിരുന്നു അങ്ങനെ ചെയ്തിരുന്നത്. എന്നാൽ ഇന്നുള്ളവർ ചിലർ അതറിഞ്ഞു കൊണ്ടു തന്നെ പാത്രങ്ങളെ ചൂടാക്കി ഉപയോഗിക്കുന്നു. ഇതുപോലെ തന്നെ നമുക്ക് അറിയാൻ കഴിയാതെ നമ്മുടെ ഉള്ളിലും ഒളിഞ്ഞു കിടക്കുന്ന ഈ പാപങ്ങളെയും നാം കഴുകി കളയണം. അപ്പോൾ മാത്രമെ നമുക്ക് ജീവകിരീടം ലഭിക്കുകയുള്ളു.

മറ്റൊരു കഥയുണ്ട് ഒരിടത്ത് ഒരു രാജകുമാരി ഒരു ഓട്ടപ്പന്തയം വച്ചു. ഇതിൽ വ്യത്യാസം എന്തെന്നാൽ തന്നെ ഓടി ജയിക്കുന്നവനെ താൻ വിവാഹം കഴിക്കും എന്നായിരുന്നു. എന്നാൽ ഈ രാജകുമാരി ഓടിക്കൊണ്ടിരിക്കുമ്പോൾ ഓരോ വൈരക്കല്ലുകളെ താഴെയിട്ടു കൊണ്ട് ഓടുമായിരുന്നു. എന്നാൽ പിന്നാലെ വരുന്ന രാജകുമാരന്മാർ വെയിലിൽ തിളങ്ങുന്ന ഈ കല്ലുകളെ കണ്ട് അത്രയും എടുത്തുകൊണ്ട് ഓടാൻ തുടങ്ങുന്നു. എന്നാൽ അവസാനം രാജകുമാരി ജയിക്കുന്നു. ഈ രാജകുമാരന്മാർ തങ്ങൾക്കിരിക്കുന്ന സമ്പത്തിന്റെ കൂട്ടത്തിൽ ഈ വൈരങ്ങളും ചേർത്തുകൊള്ളാം എന്ന ആശയാൽ തങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന ജയത്തെ നഷ്ടമാക്കുന്നു. നാം നമ്മുടെ വിശ്വാസ ജീവിതമാകുന്ന ഓട്ടത്തിൽ പരീക്ഷണത്തിനും പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും മദ്ധ്യേ ഓടണം. അതി

നാൽ ആണ് യാക്കോബ് നമ്മോട് പറയുന്നത്, "പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ, അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും" (യാക്കോബ് 1;12). ദൈവത്തിൽ വിശ്വസിച്ചു കൊണ്ട് സത്യമുള്ളവരായി നാം ഓടുമ്പോൾ ദൈവം നമുക്ക് നിശ്ചയമായി ധാരാളം അനുഗ്രഹങ്ങളും ആശീർവാദങ്ങളും തരും. അതു മാത്രമല്ല അവസാനം വാഗ്ദത്തം ചെയ്ത ജീവകിരീടവും ലഭിക്കുന്നു.

എബ്രായർ 12:1 ൽ പറയുന്നതു പോലെ "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ ഒരു സമൂഹം നമുക്ക് ചുററും നിൽക്കുന്നതു കൊണ്ട് സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.

ദൈവം നമുക്ക് മേഘം പോലെ എവിടെ പോയാലും കാണാൻ കഴിയുന്ന തരത്തിൽ അനേകം സാക്ഷികളെ വച്ചിരിക്കുന്നു, പായൽ നിറഞ്ഞ ഒരു കുളത്തിൽ നിന്ന് നാം പായൽ തള്ളിനീക്കി തെളിനീർ എടുത്ത അടുത്ത നിമിഷം പായൽ വീണ്ടും വന്ന് വെള്ളത്തെ മൂടുന്നു. ഇതുപോലെ തന്നെ ഭാരവും പാപവും നമ്മുടെ പിന്നാലെ വന്നുകൊണ്ടേയിരിക്കും. ചിലപ്പോൾ പായൽ പോലെ നമ്മെ വന്നു മൂടും. എന്നാൽ അവയെല്ലാം തള്ളിനീക്കി കൊണ്ട് നമുക്ക് ലഭിച്ചിരിക്കുന്ന സാക്ഷികളുടെ ഈ വലിയ സമൂഹത്തെ നോക്കികൊണ്ട് നാം നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടണം.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert

Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

You are Cordially Invited
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To